ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് പാലക്കാട്
ശ്രീകൃഷ്ണപുരം
email:principal@gecskp.ac.in
Mohile:9400006412

നമ്പർ : H1/373/26/GECPKD തീയ്യതി: 13-08-2026

## <u>സർക്കുലർ</u>

വിഷയം: സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ,ശ്രീകൃഷ്ണപുരം -2026-27 അധ്യായന വർഷത്തിൽ പ്രവേശനം സംബന്ധിച്ച്

2026-27 അധ്യയന വർഷത്തിൽ ബി.ടെക് ഒന്നാം വർഷം, എം.ടെക് ഒന്നാം വ ർഷം, ലാറ്ററൽ എൻട്രി വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ പ്രവേശനം അനുവദിക്കുന്ന തിനുള്ള അപേക്ഷ ക്ഷണിക്കുന്നു. പ്രസ്തുത വിദ്യാർഥികൾ ഹോസ്റ്റൽ പ്രവേശനം ലഭിക്കുന്നതിനായി താഴെപ്പറയുന്ന സമയക്രമം അനുസരിച്ച് Google Form മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷയും പ്രവേശനവുമായി ബന്ധപ്പെട്ട സമയക്രമം

1. അപേക്ഷ സമർപ്പിക്കുന്ന തീയതി : **14/08/2026**
2. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : **19/08/2026 വൈകുന്നേരം 5.00 മണി വരെ**
3. കരട് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : **21/08/2026**
4. കരട് പട്ടിക സംബന്ധിച്ച പരാതികൾ സമർപ്പിക്കേണ്ട അവസാന തീയതി : 23/08/2026
5. അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : **24/08/2026**
6. SBI Collect മുഖേന ഫീസ് അടയ്ക്കേണ്ട കാലയളവ് : **25/08/2026 മുതൽ 07/09/2026 വരെ**
7. ഹോസ്റ്റൽ പ്രവേശന കാലയളവ് : 01/09/2026 മുതൽ 07/09/2026 വരെ
8. ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ Google Form മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. എന്നാൽ പ്രവേശന സമയത്ത് പ്രസ്തുത രേഖകളുടെ ഒറിജിനലും , ഓരോ പകർപ്പുകളും സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പി

ക്കുന്നതിനുള്ള **Google Form**-ന്റെ ലിങ്ക് ചുവടെ ചേർക്കുന്നു:

ഹോസ്റ്റൽ പ്രവേശനത്തിനുള്ള **Google Form link** :

**https://docs.google.com/forms/d/e/1FAIpQLScMf75uh9gNH34kjOV6TJ35QHSg8z0lTMjfBbSTxOS1zISA-w/viewform?usp=header**

9. അപേക്ഷാ ഫോമിന്റെ മാതൃക കോളേജിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത അപേക്ഷാ ഫോം പൂരിപ്പിച്ച് വിദ്യാർത്ഥിയും രക്ഷിതാവും ഒപ്പുവെച്ച ശേഷം **Google Form**-ൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

   അപേക്ഷാ ഫോമിനോടൊപ്പം നൽകിയിട്ടുള്ള ഹോസ്റ്റൽ ചട്ടങ്ങളും നിർദ്ദേശങ്ങളും വിദ്യാർത്ഥിയും രക്ഷിതാവും വായിച്ച് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒപ്പുവെച്ച്, പ്രസ്തുത രേഖയും **Google Form**-ൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ രേഖകൾ കൃത്യമായി അപ്‌ലോഡ് ചെയ്യാത്ത പക്ഷം അപേക്ഷ പരിഗണിക്കുന്നതല്ല.

   ഹോസ്റ്റൽ പ്രവേശന സമയത്ത് രക്ഷിതാവിന്റെ സാന്നിധ്യം നിർബന്ധമാണ്.

10. ഹോസ്റ്റൽ പ്രവേശനം അനുവദിക്കുന്നതിനായി ദൂരപരിധി, കുടുംബവരുമാനം, റാങ്ക് തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിക്കുന്നതാണ്. **SC/ST/BPL/PH/Non-keralite** എന്നീ വിഭാഗത്തിൽ പെട്ടവർ പ്രവേശന സമയത്ത് ആയത് തെളിയിക്കുന്നതിനുള്ള ഒറിജിനൽ രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്. ഹോസ്റ്റലിലെ ആകെ ലഭ്യമായ കിടക്കകളിൽ 30 ശതമാനം മേൽ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

11. **2026-27** അധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ പ്രവേശനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി വാർഡൻ, അസിസ്റ്റന്റ് വാർഡൻ, റെസിഡന്റ് ട്യൂട്ടർ എന്നിവരെ ചുമതലപ്പെടുത്തുന്നു.

മുകളിൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.**

**ഡിജിറ്റലായി അംഗീകരിച്ചത്**

REMESH BABU K R

PRINCIPAL

സ്വീകർത്താവ്:

1. വാർഡൻ (ലേഡീസ് /ബോയ്സ് ഹോസ്റ്റൽ )
2. അസിസ്റ്റന്റ് വാർഡൻ (ലേഡീസ് /ബോയ്സ് ഹോസ്റ്റൽ )
3 റെസിഡന്റ് ട്യൂടർ (ലേഡീസ് /ബോയ്സ് ഹോസ്റ്റൽ)
4. എല്ലാ വകുപ്പ് തലവൻ മാർക്കും
5. വെബ് അഡ്മിൻ
6 ഓഫീസ് കോപ്പി

Digitally signed by
K R Remesh Babu
Date: 13-08-2026
14:55:23